പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6084

20.11.2019 ലെ മറുപടിയ്ക്ക്.

**പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഡ്രീംസ് പദ്ധതി**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ സംരംഭകർക്ക് പരിചയപ്പെടുന്ന തരത്തിലുള്ള പരിപാടികൾ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പും, കേരള സ്റ്റാർട്ട് അപ് മിഷനും സംയുക്തമായി നടപ്പാക്കുന്ന സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പരിപാടികൾ ഒന്നും തന്നെ സംഘടിപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ എത്ര സംരംഭകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; എത്രപേർക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നിന്നും കേരള സ്റ്റാർട്ട് അപ് മിഷന് അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |
| (സി) | പദ്ധതി പെരിന്തൽമണ്ണയിൽ നടപ്പിലാക്കിയിട്ടില്ലെങ്കിൽ സംരംഭകർക്ക് പദ്ധതി പരിചയപ്പെടുത്തുന്നതിനാവശ്യമായ പരിപാടികൾ സംഘടിപ്പിക്കുമോ യെന്ന് അറിയിക്കുമോ? | (സി) | കേരള സ്റ്റാർട്ട് അപ് മിഷൻ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നില്ല. സംസ്ഥാനതലത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ